## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. **361**</u>

<u>**27.09.2016** ൽ മറുപടിക്ക്</u>

### <u>ഖനന പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. അബ്ദുൾ ഹമീദ് പി.<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ. എം. ഷാജി | ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) ഖനന പ്രവർത്തനങ്ങൾ പൊതുമേഖലയ്ക്ക് ആയിരിക്കണമെന്ന നയം സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ 2007 ലെ വ്യവസായ നയപ്രകാരം ധാതുമണൽ (mineral sand) ഖനനം സംസ്ഥാന/ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾക്കു മാത്രമായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ഈ നയം മറ്റ് ധാതുക്കൾക്ക് ബാധകമല്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള നയപ്രകാരം മേജർ മിനറലുകൾ ഒഴികെ മറ്റ് ധാതുക്കൾ ഖനനം ചെയ്യാൻ സ്വകാര്യ മേഖലയ്ക്കോ, പൊതു മേഖലയ്ക്കോ അനുവാദം നൽകുന്നതിന് തടസ്സമില്ല. |
| (ബി) എങ്കിൽ പൊതുമേഖലയെ അതിനു സജ്ജമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) ധാതുമണൽ ഖനനം പൊതുമേഖലാ സ്ഥാപനങ്ങളായ കെ.എം.എം.എൽ, ഐ.അർ.ഇ.എൽ എന്നിവ ചെയ്തുവരുന്നു. ധാതു മണലിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾക്ക് വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) സ്വകാര്യ മേഖലയെ ഖനന പ്രവർത്തികളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സ്വകാര്യ മേഖലയ്ക്ക് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പങ്കാളിത്തമെന്തെന്ന് വെളിപ്പെടുത്തുമോ? | (സി) സ്വകാര്യ മേഖലയെ ഖനനപ്രവർത്തിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ ഉദ്ദേശിക്കുന്നില്ല. മൈനർ മിനറലുകളുടെ ഖനനം ഇപ്പോൾ സ്വകാര്യ മേഖലയിൽ നടന്നുവരുന്നുണ്ട്. ധാതുക്കൾ പ്രകൃതി വിഭവങ്ങളായതിനാൽ അതീവ സൂക്ഷ്മതയോടെ പരിസ്ഥിതിക്ക് കോട്ടം വരാതെ സമൂഹത്തിനാകെ പ്രയോജനപ്പെടുന്ന രീതിയിലായിരിക്കണം ഖനനപ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതെന്നതിനാൽ ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രത്യാഘാതം, ധാതുക്കളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം, ഇതുമൂലം നാടിനുണ്ടാകുന്ന സാമ്പത്തിക അഭിവൃദ്ധി എന്നീ |

പലതരത്തിലുള്ള ഘടകങ്ങൾ പരിശോധിച്ചതിനു ശേഷമേ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പിക്കുന്നതിന് കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ